(31) ആട്ടോ കൺസൾട്ടന്റ്സിന് അംഗീകാരം

ശ്രീ. ആന്റണി രാജു : മോട്ടോർ വാഹന വകുപ്പ് നിലവിൽ വന്നതുമുതൽ പ്രവർത്തിക്കുന്ന ഒരു വിഭാഗമാണ് ആട്ടോ കൺസൾട്ടന്റ്സ്. കേരളത്തിലെ അഭ്യസ്തവിദ്യരായ പതിനായിരത്തിൽപരം ആളുകൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നു. ആർ. ടി. ഓഫീസുകളുമായി ബന്ധപ്പെട്ട് വാഹനങ്ങളുടെ ടാക്സ് ഒടുക്കുക, പെർമിറ്റ് ലഭ്യമാക്കുക, ലൈസൻസ് പുതുക്കുക തുടങ്ങിയ നടപടികൾ സുഗമമായി നിർവഹിക്കുന്നതിന് സഹായകരമായി പ്രവർത്തിക്കുന്നവരാണ് ആട്ടോ കൺസൾട്ടന്റ്സ്. ആന്ധ്രാപോലെയുള്ള സംസ്ഥാനങ്ങളിൽ ഗവൺമെന്റ് ഈ വിഭാഗത്തിന് അംഗീകാരം നൽകിക്കഴിഞ്ഞു. ഇവിടെ കോടതിവിധികളെ ദുർവ്യഖ്യാനം ചെയ്തുകൊണ്ട് ഈ വിഭാഗത്തിന് അംഗീകാരം നൽകാതിരിക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് നടത്തുന്നത്. ഉദ്യോഗസ്ഥന്മാരുടെ അഴിമതി ഇല്ലാതാക്കുവാനും അനധികൃതമായി ഈ മേഖലയിൽ പണിയെടുക്കുന്നവരെ ഒഴിവാക്കാനും ശരിയായി പ്രവർത്തിക്കുന്നവരെ ജനങ്ങൾക്ക് തിരിച്ചറിയാനും സത്യസന്ധമായി പ്രവർത്തിക്കുന്ന ആട്ടോ കൺസൾട്ടന്റ്സിന് വ്യസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : സർ, കേരളാ ആട്ടോ കൺസൾട്ടന്റ്സ് അസോസിയേഷൻ എന്നൊരു സംഘടന, സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ പ്രവർത്തിക്കുന്നതിനുള്ള ലൈസൻസ് നൽകുക, സംഘടനയിലെ അംഗങ്ങൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുക ആട്ടോ കൺസൾട്ടന്റ്സ് ചെയ്തുകൊണ്ടിരിക്കുന്ന ജോലി നിഷേധിക്കുന്നതും അതിന് ബുദ്ധിമുട്ടുണ്ടാകുന്നതുമായ വിധത്തിൽ ട്രാൻസ്പോർട്ട് കമ്മീഷണർ ഇറക്കിയിട്ടുള്ള സർക്കുലറുകൾ പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഗവൺമെന്റിന് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഈ വക കാര്യങ്ങളെക്കുറിച്ച് ഇതിനുമുൻപും ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ട്. സർക്കാർ ഓഫീസ് എന്ന നിലയിൽ മറ്റ് ഏതൊരു ഓഫീസിലുമെന്നപോലെ പുറത്തുനിന്നുള്ളവർ കടക്കുന്നതിനോ പ്രവർത്തിക്കുന്നതിനോ ഉള്ള അംഗീകാരം നൽകാൻ നിയമപ്രകാരം കഴിയുകയില്ല. അതുകൊണ്ട് മോട്ടോർ വാഹന വകുപ്പിലെ ഓഫീസുകളിൽനിന്നും ഇടനിലക്കാരെ പാടെ നീക്കം ചെയ്യുന്നതിനുവേണ്ട നിർദ്ദേശങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണർ കാലാകാലങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നൽകിയിട്ടുണ്ട്. ട്രാൻസ്പോർട്ട് കമ്മീഷണറുടെ നിർദ്ദേശത്തിനെതിരെ ആൾ കേരളാ ആട്ടോ കൺസൾട്ടന്റ്സ് അസോസിയേഷൻ, ആലപ്പുഴ എന്ന സംഘടനയും മറ്റുചിലരും കേരള ഹൈക്കോടതിയെ സമീപിച്ചു. 28-10-1995-ലെ ഉത്തരവു പ്രകാരം പരാതിക്കാരുടെ ആവശ്യം തള്ളിക്കളഞ്ഞതിന് പുറമെ ഓഫീസ് പ്രവർത്തനത്തിൽ പുറത്തുള്ളവർ ഇടപ്പെടുന്നതും കോടതി കർശനമായി വിലക്കിയിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ ആൾ കേരളാ ആട്ടോ കൺസൾട്ടന്റ്സ് അസോസിയേഷനും മറ്റു ചിലരും അപ്പീൽ ഫയൽ ചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

എങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി പ്രസ്തുത അപ്പീൽ തള്ളിക്കളഞ്ഞു. അതുകൊണ്ട് മോട്ടോർ വാഹന വകുപ്പിൽ ആട്ടോ കൺസൾട്ടന്റ് സിന് പ്രവർത്തിക്കുന്നതിനുള്ള ലൈസൻസിന് അംഗീകാരം നൽകണമെന്ന ആവശ്യം ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന് വിരുദ്ധവും നിയമപ്രകാരം നടപ്പാക്കാൻ സാധ്യമല്ലാത്തതുമാകുന്നു.

(32) മലബാറിലെ ക്ഷേത്രജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, മലബാറിലെ ആയിരക്കണക്കിന് ക്ഷേത്രജീവനക്കാർക്ക് തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നത്. വർഷങ്ങൾക്ക് മുൻപ് കേരള ഹൈക്കോടതി ഇക്കാര്യത്തെക്കുറിച്ച് നിയമനിർമ്മാണം നടത്തുകയും ഇവരെ സംരക്ഷിക്കണമെന്ന് ഗവൺമെന്റിനോട് പറയുകയും ചെയ്തു. രണ്ടുമാസത്തിനകം ഇതിന്മേൽ തീരുമാനമുണ്ടാകുമെന്ന് കേരള ഹൈക്കോടതി പറഞ്ഞു. വളരെ തുച്ഛമായ, 35-ഉം 40-ഉം രൂപ ശമ്പളം വാങ്ങിയാണ് മലബാറിലെ ക്ഷേത്ര ജീവനക്കാർ ജീവിക്കുന്നത്. അവർക്ക് കൊച്ചി ദേവസ്വം, തിരുവിതാംകൂർ ദേവസ്വം എന്നിവയ്ക്ക് തത്തുല്യമായ വേതനവ്യവസ്ഥകൾ നടപ്പാക്കണം. കേരള ഹൈക്കോടതി പറഞ്ഞിട്ടുപോലും അതു സംബന്ധിച്ച് ഒരു നടപടിയും കൈക്കൊള്ളാതിരിക്കുകയാണ്. ഇവിടെ ഗവൺമെന്റ് ഒരു നിയമം കൊണ്ടുവന്നു. അത് എലിസിറ്റിംഗ് പബ്ലിക് ഒപ്പീനിയന് അയച്ചു. അത് അതോടുകൂടി പോയെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് കഴിയുന്നത്ര വേഗത്തിൽ മലബാറിലെ ക്ഷേത്ര ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നടപ്പാക്കാനുള്ള നടപടി കൈക്കൊള്ളണമെന്നാണ്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) : മലബാറിലെ ദേവസ്വങ്ങളുടെ ഭരണ മേൽനോട്ടം വഹിക്കുന്നത് ഹിന്ദുമത ധർമ്മ സ്ഥാപനഭരണവകുപ്പാണ്. 1951-ലെ Madras Hindu Religious and Charitable Endowments Act അനുസരിച്ചാണ് ഭരണമേൽനോട്ടം നിർവ്വഹിക്കുന്നത്. 1356 ക്ഷേത്രങ്ങളാണ് ഈ വകുപ്പിന്റെ കീഴിലുള്ളത്. മലബാറിലെ ക്ഷേത്ര ജീവനക്കാരുടെ ദയനീയാവസ്ഥയെപ്പറ്റി പത്രത്തിൽ വന്ന ഒരു വാർത്ത പൊതു താൽപര്യ ഹർജ്ജിയായി പരിഗണിച്ച് കേരള ഹൈക്കോടതി 1994-ൽ വിധി പ്രസ്താവിക്കുകയുണ്ടായി. ഇതിൽ 13 കാര്യങ്ങളാണ് കോടതി നിർദ്ദേശിക്കുന്നത്. ഈ നിർദ്ദേശങ്ങളിൽ പ്രധാനമായിട്ടുള്ളത് ഹിന്ദുമത ധർമ്മ സ്ഥാപന ഭരണവകുപ്പിന്റെ നിയന്ത്രണത്തിലുള്ളതും, അല്ലാത്തതുമായ പൊതു ക്ഷേത്രങ്ങളുടെ ഭരണ നിർവ്വഹണത്തിനായി ഭരണപദ്ധതി തയ്യാറാക്കുക, മലബാറിലെ ക്ഷേത്ര ജീവനക്കാർക്ക് 1-1-1995 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം മാന്യമായ പ്രതിഫലം നിശ്ചയിക്കുക, ഹിന്ദു-മത ധർമ്മ സ്ഥാപന നിയമം ഫലപ്രദമായി നടപ്പാക്കാൻ ബുദ്ധിമുട്ടുനേരിടുന്ന സാഹചര്യത്തിൽ ഇതിനായി ഉചിതമായ ഒരു നിയമം ഒരു വർഷത്തിനുള്ളിൽ കൊണ്ടുവരിക. മലബാർ ഭാഗത്തെ ക്ഷേത്രങ്ങൾക്കായി ഒരു ദേവസ്വം

LIBRARY ARCHIVES Kerala Legislative Assembly